**പതിമൂന്നാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3761** | **20.07.2015-ൽ മറുപടിക്ക്** |
|---|---|

**ഹയർ സെക്കന്ററി സ്പെഷ്യൽ റൂൾ ഭേദഗതി**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ.ഇ. ചന്ദ്രശേഖരൻ** | | **ശ്രീ. പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** | |
| (എ) | ഹയർ സെക്കന്ററി സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യാൻ പ്രത്യേക കമ്മിറ്റി രൂപവൽക്കരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) & (ബി) | ഹയർ സെക്കന്ററി സ്പെഷ്യൽ റൂൾസ് ഭേദഗതിയ്ക്കായി ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടർ, പൊതുവിദ്യാഭ്യാസ ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടർ, ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, പൊതു വിദ്യാഭ്യാസ (എസ്.സി) വകുപ്പിലെ അഡീഷണൽ സെക്രട്ടറി എന്നിവർ അംഗങ്ങളായി ഒരു സമിതി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | സ്പെഷ്യൽ റൂൾ ഭേദഗതി കമ്മിറ്റിയിലെ അംഗങ്ങൾ ആരെല്ലാമാണെന്നും കാലാവധി എത്രയാണെന്നും വ്യക്തമാക്കാമോ; | | |
| (സി) | ഹയർ സെക്കന്ററി അദ്ധ്യാപകേതര ജീവനക്കാരെ സംബന്ധിക്കുന്ന ഏതെല്ലാം വിഷയങ്ങളാണ് പ്രസ്തുത കമ്മിറ്റി പരിശോധിച്ചുവരുന്നതെന്ന് വിശദമാക്കാമോ; | (സി), (ഡി), (ഇ) & (എഫ്) | ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച കരട് പ്രൊപ്പോസൽ സമിതി പരിശോധിച്ച് സമയബന്ധിതമായി ഭേദഗതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |
| (ഡി) | ലാബ് അസിസ്റ്റന്റുമാരുടെ നിലവിലുള്ള ലാബ് അറ്റൻഡേഴ്സ് ടെസ്റ്റ് എന്ന നിബന്ധന മാറ്റി അവർക്ക് തൊഴിലിന് സഹായകരമാവുന്ന പ്രായോഗിക പരിശീലന പരിപാടി (ഇൻ സർവ്വീസ് കോഴ്സ്) ഏർപ്പെടുത്തുവാനുള്ള ആവശ്യം സ്പെഷ്യൽ റൂൾ ഭേദഗതി സമിതിയുടെ പരിഗണനയിൽ ഉൾപ്പെടുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ; | | |
| (ഇ) | ലാബ് അസിസ്റ്റന്റുമാരുടെ യോഗ്യതാപരിഷ്കരണം, അധ്യാപക/ അനധ്യാപക പ്രമോഷൻ എന്നീ വിഷയങ്ങൾ സ്പെഷ്യൽ റൂൾ ഭേദഗതിയുടെ പരിഗണനയിലുണ്ടോ; | | |
| (എഫ്) | സ്പെഷ്യൽ റൂൾ ഭേദഗതി കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത വിഷയങ്ങൾ സംബന്ധിച്ച് നിലപാടുകൾ വ്യക്തമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**